# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2025 - 26

### സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 02.07.2025 മുതൽ അവസരം.

## നിർദ്ദേശങ്ങൾ

- നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 02.07.2025 മുതൽ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

- ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്.

- നിലവിൽ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ പഴയ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം ടി ഓപ്ഷനുകൾ സപ്ളിമെന്ററി അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. എന്നാൽ പുതുതായി ഓപ്ഷൻ നൽകിയാൽ അവർ പ്രൊഫൈലിൽ മുൻപ് നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുകയും പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രം തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതുമാണ്.

- മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികളും, “Temporary” അഡ്മിഷൻ എടുത്തശേഷം “Permanent” അഡ്മിഷൻ എടുക്കാതെ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികളും ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ്

എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം (Edit Profile) എഡിറ്റ് ഓപ്ഷൻ വഴി പുതിയതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. ടി വിദ്യാർത്ഥികളുടെ പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കൂ.

- നിലവിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം (Edit Profile) എഡിറ്റ് ഓപ്ഷൻ വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.

- നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യുവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

- നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ.

- പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## സ്പോർട്സ് ക്വാട്ട അഡ്മിഷൻ

നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട അഡ്മിഷന് വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ഉള്ളവർക്കും സർട്ടിഫിക്കറ്റുകൾ റിജക്ട് ആയ വിദ്യാർത്ഥികൾക്കും പുതിയ സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യാവുന്നതാണ്. ഒന്നാം സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് അവസാനിച്ച ശേഷവും ഒഴിവ് നിലനിൽക്കുന്ന പക്ഷം ടി വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 03.07.2025 മുതൽ പുതിയ ഓപ്ഷൻസ് നൽകാവുന്നതാണ്.

- ഓപ്ഷൻസ് നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

## മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ

മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈൽ രജിസ്റ്റർ ചെയ്തതിനുശേഷം പ്രിന്റൗട്ടുമായി താല്പര്യമുള്ള കോളേജിൽ ഹാജരാകേണ്ടതാണ്.

03/07/2025

രജിസ്ട്രാർ